..* 021087

"ഭരണഭാഷ - മാതൃഭാഷ"

Website : www.keralapsc.gov.in
E-mail : kpsc.psc@kerala.gov.in

Phone : 0471-2546414

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: AA&VW I(1)32280/11/GW

തിരുവനന്തപുരം
09.08.2018

DIRECTORTE OF WOMEN & CHILD DEVELOPMENT DEPARTMENT
POOJAPPURA 695 012.
13 SEP 2018

പ്രേഷിതൻ

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്

The Director,
Directorate of Women & Child Development Department,
Poojappura,
Thiruvananthapuram.

സർ,

വിഷയം :- സർവ്വീസിൽ പ്രവേശിക്കുന്നതിനായി ജീവനക്കാർ ഹാജരാകുമ്പോൾ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നത് – സംബന്ധിച്ച്.

*****

പബ്ലിക് സർവ്വീസ് കമ്മീഷൻ 01.07.2014 മുതൽ നടത്തുന്ന പരീക്ഷകൾക്ക് Identification Certificate (തിരിച്ചറിയൽ പത്രിക) ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്നില്ല. അതിനു പകരം വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ആണ് തുടർനടപടികൾക്ക് ആധികാരിക രേഖയായി പരിഗണിക്കുന്നത്. ഒരു തസ്തികയുമായി ബന്ധപ്പെട്ട വെരിഫിക്കേഷനായി ഹാജരാകുമ്പോൾ അതുമായി ബന്ധപ്പെട്ട് നൽകുന്ന വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ പ്രസ്തുത ഉദ്യോഗാർത്ഥി തന്റെ പക്കൽ സൂക്ഷിക്കുകയും ടിയാന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ പ്രകാരം ജോലി ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുവാനായി ഹാജരാകുമ്പോൾ ബന്ധപ്പെട്ട നിയമനാധികാരി സമക്ഷം ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പാർട്ട് III നിയമനാധികാരി പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം സർവ്വീസ് ബുക്കിനൊപ്പം സൂക്ഷിക്കേണ്ടതും നിയമന പരിശോധനയ്ക്കായി സർവ്വീസ് ബുക്കിന്റെ പകർപ്പുൾപ്പെടെയുള്ള രേഖകൾ പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കുമ്പോൾ അതോടൊപ്പം അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൂടി ഇവിടേക്ക് കൈമാറേണ്ടതാണ്. നിയമനാധികാരിക്ക് നൽകുന്ന നിയമന ശിപാർശാ കത്തിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് നിയമന ശിപാർശാ കത്തിനൊപ്പം നിയമനാധികാരിക്ക്



അഖിലാഷ്

കൈമാറുകയും ചെയ്യുന്നു. പ്രസ്തുത പകർപ്പും ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും പരിശോധിച്ച് യഥാർത്ഥ ആളാണ് സർവ്വീസിൽ പ്രവേശിക്കുവാൻ ഹാജരായിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട നിയമനാധികാരിക്കാണ്. എന്നാൽ ചില നിയമനാധികാരികൾ ഇക്കാര്യത്തിൽ വിഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർവ്വീസുള്ള ജീവനക്കാർ പഴയ ലാവണത്തിൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും പുതിയ നിയമന ശിപാർശ പ്രകാരം മറ്റൊരു തസ്തികയിലേക്ക് ജോലിയിൽ പ്രവേശിക്കുവാനായി ഹാജരാകുകയും ചെയ്യുമ്പോൾ രണ്ടാമതൊരു വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനായി പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് ആയത് ലഭ്യമാക്കി നിയമനാധികാരി സമക്ഷം ഹാജരാക്കേണ്ടതുമാണ്. ഇക്കാര്യം ഉറപ്പ് വരുത്തേണ്ടത് നിയമനാധികാരിയുടെ ചുമതലയാണ്. പലപ്പോഴും ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് ഏറെ നാൾ കഴിഞ്ഞ് സർവ്വീസ് വെരിഫിക്കേഷനു വേണ്ടി രേഖകൾ പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കുമ്പോൾ മാത്രമാണ് അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുന്നത്. ഇത് ഒഴിവാക്കേണ്ടതാണ്. ഒരു ജീവനക്കാരൻ സർവ്വീസിൽ പ്രവേശിക്കുമ്പോൾ തന്നെ അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്ന ഉറപ്പ് വരുത്തുവാൻ നിയമനാധികാരികൾ ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

2017 ഫെബ്രുവരി മുതൽ അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് വിതരണം ചെയ്യുന്നില്ല. ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുമ്പോൾ നിയമന ശിപാർശാ കത്തിനൊപ്പം വകുപ്പ് മേധാവിക്ക് വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കൈമാറുകയാണ് ചെയ്യുന്നത് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Suresh

സുരേഷ് വി.
ഡെപ്യൂട്ടി സെക്രട്ടറി,
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി

ഉത്തരവുത്ത് കത്ത് നമ്പർ WCD/E7-21087/18
തിയതി - 17/10/18

ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകളുടെയും കീഴ്കാര്യാലയ മേധാവികളുടെയും അറിവിലേക്കായി സർക്കുലേറ്റ് ചെയ്യുന്നു



for വനിതാ ശിശു വികസന ഡയറക്ടർ

അഭിലാഷ്